

ധോണിയെ വിമർശിക്കുന്നവർ തങ്ങളുടെ കരിയറിലേക്ക് ഒന്ന് തിരിഞ്ഞു നോക്കണം. ധോണിയെ ഇന്ത്യൻ ടീമിന് ഇനിയും ആവശ്യമുണ്ട്. അയാളിൽ ഇനിയും ഏറെ ക്രിക്കറ്റ് അവശേഷിക്കുന്നുണ്ട്. വിമർശിക്കുന്നവരെക്കാളൊക്കെ മഹത്തരമാണ് ധോണിയുടെ കരിയർ എന്ന് വിവരമുള്ളവർക്ക് അറിയാം.
-രവിശാസ്ത്രി



# ബൈ,ബൈ, ബെസ്റ്റ് എവർ ബഫൺ

■ ഇറ്റാലിയൻ ഇതിഹാസ ഗോൾകീപ്പർ ജിയാൻല്യൂജി ബഫൺ അന്താരാഷ്ട്ര ഫുട്ബാളിൽ നിന്ന് വിരമിച്ചു

◗ സാംപ്രസാദ് ഡേവിഡ്

ഞാനൊരു ഫ്രഞ്ച് ആരാധകനാണ്. അതുകൊണ്ടുതന്നെ 2006ലെ ലോകകപ്പ് ഫൈനലിനുശേഷം ഞാനേറെ വെറുത്ത മനുഷ്യന്റെ പേര് ജിയാൻല്യൂജി ബഫൺ എന്നായിരുന്നു. അയാളായിരുന്നില്ല ഫൈനലിൽ ക്രോസ് ബാറിന് കീഴിലെങ്കിൽ ലോകകപ്പിൽ ഒരിക്കൽ കൂടി സിദാൻ മുത്തമിട്ടേനെ. അതിനുശേഷം ഞാൻ ബഫണിന്റെ കളികൾവിടാതെ പിന്തുടർന്നുകൊണ്ടിരുന്നു. കളിക്കളത്തിൽ അയാൾപരാജയപ്പെടുന്നത് കണ്ട് സന്തോഷിക്കാൻ വേണ്ടി മാത്രം. പക്ഷേ അയാളുടെ കളിമികവും പെരുമാറ്റവും കണ്ട് എന്റെ മനസിലെ വെറുപ്പ് സ്നേഹമായി വളർന്നു. ഇറ്റാലിയൻ ടീമിനെ എനിക്കിഷ്ടമല്ലെങ്കിലും പ്രിയപ്പെട്ട ബഫൺ നിങ്ങളൊരു ഇതിഹാസമാണ്. നിന്നെ ചിരിച്ചുകൊണ്ട് യാത്രയാക്കാൻ ഞങ്ങൾക്കാകുന്നില്ല.

ലോകകപ്പിന് യോഗ്യത നേടാനാകാതെ അസൂറിപ്പട ഇടറി വീണ കഴിഞ്ഞ രാത്രിയിൽ പൊട്ടിക്കരഞ്ഞുകൊണ്ട് ഇറ്റാലിയൻ ജേഴ്സിയിൽ ഇനി താനുണ്ടാകില്ല എന്ന് പ്രഖ്യാപിച്ച് ബഫൺ നടന്നകലുന്നത് കണ്ട് ഒരു ഫ്രഞ്ചുകാരൻ സോഷ്യൽ മീഡിയയിൽ കുറിച്ച വാക്കുകളാണിത്. ഇത് സത്യവുമാണ്. കാരണം ജിയാൻ ല്യൂജി ബഫൺ എന്ന ഇറ്റാലിയൻ പേരിന് ഫുട്ബാളിൽ വിശേഷണങ്ങൾ പലതാണ്. വൻമതിൽ, നായകൻ, വിശ്വസ്തൻ, സ്പോർട്സ്മാൻ സ്പിരിറ്റിന്റെ ഉത്തമ ഉദാഹരണം... അങ്ങനെ തന്റെ കളികണ്ടവരുടെയെല്ലാം മനസുകളിൽ അയാൾ പല രൂപത്തിലുള്ള കോട്ടകെട്ടി.

ലോകം കണ്ട ഏറ്റവും മികച്ച ഗോൾ കീപ്പർമാരിൽ പ്രഥമ ഗണനീയനെന്ന് ഫുട്ബാൾ ലോകം നിസംശയം പറയുന്ന, ഏറ്റവും മികച്ചവനെന്ന് ഒരു വിഭാഗം ഉറച്ച് വിശ്വസിക്കുന്ന ബഫണിന്റെ പക്ഷേ ഇറ്റാലിയൻ ജേഴ്സിയിലെ അവസാന മത്സരം ഹൃദയഭേദകരമായിപ്പോയി.

സ്വീഡനെതിരെ സമനില വഴങ്ങി ലോകകപ്പ് യോഗ്യത നേടാനാകാതെ ഇറ്റലി പുറത്തായ രാത്രിയിൽ സാൻസിറോയിലെ ഗാലറിയിൽ നിറഞ്ഞുകവിഞ്ഞ എഴുപതിനായിരത്തോളം വരുന്ന കാണികളും ടെലിവിഷന് മുന്നിലിരുന്ന ജനകോടികളും കണ്ടത് എപ്പോഴും അക്ഷോഭ്യനായ ആ ബഫണെ ആയിരുന്നില്ല. ഹൃദയം തകർന്ന് പൊട്ടിക്കരയുന്ന സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു പാവം ഇറ്റലിക്കാരൻ മാത്രമായിപ്പോയി അപ്പോൾ അയാൾ. ഇറ്റലിക്ക് ലോകകപ്പ് യോഗ്യത നഷ്ടമായത് മാത്രമല്ല തനിക്ക് മുമ്പിൽ ഇനി ഒരവസരം ഇല്ല എന്നതും ബഫണെ തകർത്തുകളഞ്ഞു. 1997ൽ ഒരു ലോകകപ്പ് ഫുട്ബാൾ പ്ലേ ഓഫിൽ തുടങ്ങിയ ഇറ്റാലിയൻ ജേഴ്സിയിലെ കരിയർ ഇരുപതു വർഷം നീണ്ട വീരോചിത യാത്രയ്ക്കുശേഷം മറ്റൊരു പ്ലേഓഫ് പോരാട്ടത്തിൽ ദുരന്ത പര്യവസാനിയായി. വിശ്വവിഖ്യാതമായ ചില ഷേക്സ്പിയർ കഥാപാത്രങ്ങളെപ്പോലെ. എല്ലാവർക്കും മാപ്പ്, എന്റെ അവസാന മത്സരത്തിൽ ഇറ്റലിക്ക് ലോകകപ്പിന് യോഗ്യത നേടാൻ കഴിയാതെ പോയത് ഒരു നാണക്കേടാണ്. ഇങ്ങനെ കരിയർ അവസാനിപ്പിക്കണം എന്നല്ല വിചാരിച്ചിരുന്നത്. തോൽവിക്ക് ആരെയും പഴിക്കാനില്ല. തോൽക്കുന്നതും ജയിക്കുന്നതുമെല്ലാം ഞങ്ങൾ ഒന്നിച്ചാണ്. ഈ തോൽവിയിൽ നിന്ന് ഇറ്റലിക്ക് പഠിക്കാൻ ഏറെയുണ്ട്. എനിക്കൊപ്പം കഴിഞ്ഞ പത്ത് വർഷമായി കളിക്കുന്ന എന്റെ ചെല്ലിനിയും എന്റെ ബർസാഗ്ലിയും എന്റെ ഡി റോസിയും ഇനി ഇറ്റാലിയൻ ജഴ്സിയിൽ ഉണ്ടായേക്കില്ല. പക്ഷേ പ്രതിഭകളുള്ള ഒരു ടീമിനെ പിന്നിൽ ഉപേക്ഷിച്ചാണ് വിടപറയുന്നത്. മത്സരശേഷം ഇന്റർവ്യൂവിനെത്തിയ മാധ്യമ പ്രവർത്തകന് മുന്നിൽ കണ്ണുനീർ തുടച്ച് ബഫൺ പറഞ്ഞു.

ഇറ്റലിക്ക് വേണ്ടി 175 അന്താരാഷ്ട്ര മത്സരങ്ങളാണ് കളിച്ചത്. അതിൽ അഞ്ച് ലോകകപ്പുകളും പെടുന്നു. 2006ൽ കിരീടം നേടിയ ടീമിന്റെ ഗോൾകീപ്പറായിരുന്നു. അഞ്ചു മത്സരങ്ങളിൽ ഒരൊറ്റ ഗോളും വഴങ്ങാതിരുന്ന ബഫണിന്റെ വലയിൽ ആകെ വീണത് രണ്ട് ഗോളുകളാണ്. ആ ലോകകപ്പിലെ ഗോൾഡൻ ഗ്ലൗവും ബഫണായിരുന്നു. യുവേഫ ഫുട്ബാളർ അവാർഡ് നേടിയ ഏക ഗോൾകീപ്പർ എന്ന ഖ്യാതിയും ബഫണിന് സ്വന്തമാണ്. ഇറ്റലിക്കായി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരവും ബഫൺ ആണ്. മറ്റ് ഗോളികളിൽ നിന്ന് വ്യത്യസ്തമായി എന്നും അരക്കൈയ്യൻ ടീഷർട്ടുമായി മാത്രമേ ബഫൺ കളിച്ചിട്ടുള്ളൂ. ഇതിനിടെ ചില നവ നാസി അനുകൂല നിലപാടുകളിൽ വിവാദങ്ങളിലും ബഫൺ പെട്ടിട്ടുണ്ട്. കളിക്കളത്തിൽ പിൻനിരയിലായിരുന്ന സ്ഥാനമെങ്കിലും മുന്നിൽ നിന്ന് നയിക്കുന്ന ക്യാപ്ടനായിരുന്നു ബഫൺ. പലപ്പോഴും നിയന്ത്രണം തെറ്റുന്ന എതിർകളിക്കാർപ്പോലും ബഫണിന്റെ ഉപദേശങ്ങൾക്ക് മുന്നിൽ ശാന്തരായി കൈകൊടുത്തു മടങ്ങുന്ന കാഴ്ച അയ്യാളിലെ നല്ലമനുഷ്യനെയും അടിവരയിട്ടു കാണിക്കുന്നു. ഈ പ്രായത്തിലും കൃത്യമായ ടൈമിംഗും പൊസിഷനിംഗും വായുവിലുള്ള ഉയർന്ന പറക്കലുകളും ബഫണിനെ വ്യത്യസ്തനാക്കി. ഇറ്റാലിയൻ ജഴ്സി അഴിച്ചെങ്കിലും ഈ സീസണിന്റെ അവസാനം വരെ യുവന്റസിന്റെ വലകാക്കാൻ ബഫൺ കളിക്കളത്തിൽ ഉണ്ടാകും.

നന്ദി ബഫൺ.. മുപ്പത്തൊമ്പതിലും ഇരുപതുകാരന്റെ മെയ്‌വഴക്കം കാണിച്ച് തന്നതിന്, കൂടെ കളിച്ചവരെല്ലാം പിൻവാങ്ങിയിട്ടും പോരാടാൻ കാണിച്ച നിശ്ചയദാർഢ്യത്തിന്, എല്ലാത്തിനും ഉപരിയായി ക്രോസ് ബാറിന് കീഴിൽ നിങ്ങൾ സമ്മാനിച്ച അവിശ്വസനീയ നിമിഷങ്ങൾക്ക്.



*സ്വീഡനോട് പ്ലേ ഓഫിൽ ജയിക്കാനാകാതെ ലോകകപ്പ് യോഗ്യത കിട്ടാതെ ഇറ്റലി പുറത്തായപ്പോൾ ബഫണിന്റെ നിരാശ*

**ജിയാൻ ല്യൂജി ബഫൺ**

ജനനം 1978 ജനുവരി 28
ജന്മസ്ഥലം : കരാര, ഇറ്റലി
ഉയരം : 6 അടി 3 ഇഞ്ച്

ഇറ്റലിക്കായി 175 മത്സരങ്ങൾ കളിച്ചു. ദേശീയ ടീമിൽ അരങ്ങേറ്റം 1997ൽ. അഞ്ച് ലോക കപ്പുകളിൽ ഇറ്റാലിയൻ ടീമംഗം. (1998, 2002, 2006, 2010, 2014).

ഇറ്റലിക്കായി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം.

ക്ലബ് കരിയർ: പാർമ (1995-2001), 168 കളികൾ യുവന്റസ് 2001- (496 കളികൾ)

## റഷ്യയിൽ പന്തു തട്ടാൻ ഇറ്റലി ഇല്ല

### സ്വീഡനോട് പ്ലേ ഓഫിൽ തോറ്റ് ലോകകപ്പിന് യോഗ്യത നേടാനാകാതെ ഇറ്റലി പുറത്ത്

മിലാൻ: ലോകമെങ്ങുമുള്ള ആരാധകരെ കണ്ണീലിലാഴ്ത്തി റഷ്യയിൽ അടുത്തവർഷം ജൂണിൽ തുടങ്ങുന്ന ലോകകപ്പ് ഫുട്ബാൾ ടൂർണമെന്റിന് യോഗ്യത നേടാനാകാതെ ഇറ്റലി പുറത്തായി.

അറുപത് വർഷത്തിനുശേഷമാണ് അസൂറികളില്ലാത്ത ഒരു ലോകകപ്പിന് പന്തുരുളാൻ പോകുന്നത്. സ്വന്തം മണ്ണിൽ നടന്ന യൂറോപ്യൻ മേഖലാ രണ്ടാംപാദ ലോകകപ്പ് യോഗ്യതാ പ്ലേ ഓഫിൽ സ്വീഡനോട് ഗോൾരഹിത സമനില വഴങ്ങിയതാണ് നാലുവട്ടം ചാമ്പ്യന്മാരായ ഇറ്റലിയുടെ മോഹങ്ങൾ തല്ലിക്കൊഴിച്ചത്.

സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ നടന്ന ആദ്യ പാദത്തിൽ ഏകപക്ഷീയമായ ഒരു ഗോളിന്റെ തോൽവി വഴങ്ങിയിരുന്ന ഇറ്റലി മിലാനിൽ നടന്ന രണ്ടാം പാദത്തിൽ ഗോൾരഹിത സമനില വഴങ്ങിയതോടെയാണ് ലോകകപ്പിൽ നിന്ന് പുറത്തായത്. ഈ ജയത്തോടെ സ്വീഡൻ ഫൈനൽ റൗണ്ടിൽ പ്രവേശിക്കുകയും ചെയ്തു. കഴിഞ്ഞ ആറു പതിറ്റാണ്ടിനിടെ ഇറ്റാലിയൻ ഫുട്ബോൾ നേരിട്ട ഏറ്റവും വലിയ തിരിച്ചടിയാണ് ഇത്. 1958ൽ സ്വീഡനിൽ നടന്ന ലോകകപ്പിലാണ് ഇറ്റലി ഇതിന് മുൻപ് യോഗ്യത നേടാതിരുന്നത്. 1930ൽ യുറുഗ്വായിൽ നടന്ന പ്രഥമ ലോകകപ്പിലും അവർക്ക് കളിക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീടുള്ള എല്ലാ ലോകകപ്പിലും നീലപ്പട തങ്ങളുടെ സാന്നിധ്യം അറിയിച്ചിരുന്നു. 2006ൽ ഇറ്റലി ചാമ്പ്യൻമാരായ ജർമനി ആതിഥേയത്വം വഹിച്ച ലോകകപ്പിനുശേഷം ഇതാദ്യമായാണ് സ്വീഡൻ ലോകകപ്പിന്റെ ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടുന്നത്.

1934, 38, 82, 2006 വർഷങ്ങളിലാണ് ഇറ്റലി ചാമ്പ്യന്മാരായത്. 1970ലും 94ലും റണ്ണറപ്പുകളായി. രണ്ടു തവണ സെമിയിലും പുറത്തായി. എന്നാൽ, കഴിഞ്ഞ രണ്ടു തവണയും ഗ്രൂപ്പ് റൗണ്ടിൽ തന്നെ പുറത്തായിരുന്നു. രണ്ടാംപാദ പ്ലേഓഫിൽ വ്യക്തമായ മേൽക്കൈ ലഭിച്ചിട്ടും ഗോൾ നേടാൻ ഇറ്റലിക്ക് കഴിയാതെ പോയി. സ്വീഡിഷ് ഗോളി റോബിൻ ഓൾസനും ക്യാപ്ടൻ ആന്ദ്രെ ഗ്രാങ്ക്വിസ്റ്റും അസൂറികളുടെ വഴി തടയുന്നതിൽ നിർണായക പങ്കാണ് വഹിച്ചത്. സാൻ സിരോയിലെ എഴുപതിനായിരത്തിലേറെവരുന്ന കാണികളുടെ നിർലോഭമായ പിന്തുണ ഉണ്ടായിട്ടും ഗോൾ നേടാൻ ഇറ്റാലിയൻ മുന്നേറ്റ നിരയ്ക്ക് കഴിഞ്ഞില്ല. അന്റോണിയോ കാൻഡ്രേവയ്ക്കും അലെസ്സാൻഡ്രോ ഫ്ളോറൻസിക്കും നേരിയ വ്യത്യാസത്തിനാണ് ഗോളവസരങ്ങൾ നഷ്ടമായത്. ലോകകപ്പ് യോഗ്യത നഷ്ടമായതിന് പിന്നാലെ ഇറ്റാലിയൻ ഇതിഹാസ ഗോളിയും ക്യാപ്ടനുമായ ജിയാൻല്യൂജി ബഫൺ അന്താരാഷ്ട്ര മത്സരത്തിൽ നിന്ന് വിടവാങ്ങൽ പ്രഖ്യാപിച്ചു. ചെല്ലിനി, ബർസാഗ്ലി, ഡി റോസി എന്നിവരും ഇനി ഇറ്റാലിയൻ കുപ്പായത്തിൽ കളിക്കാൻ സാധ്യതയില്ല.

**1958** -ലെ ലോകകപ്പിലാണ് ഇതിനു മുമ്പ് ഇറ്റലിയ്ക്ക് യോഗ്യത നേടാൻ കഴിയാതിരുന്നത്

**4** -തവണ ഇറ്റലി ലോകകപ്പ് സ്വന്തമാക്കി കഴിഞ്ഞു. 1934, 38, 82, 2006 വർഷങ്ങളിലാണ് ഇറ്റലി ചാമ്പ്യന്മാരായത്.

### സ്ലാട്ടൻ തിരിച്ചുവരുമോ?

സ്റ്റോക്ക്ഹോം : സ്വീഡൻ, ഇത്തവണത്തെ ഫുട്ബാൾ ലോകകപ്പിന് യോഗ്യത നേടിയ സാഹചര്യത്തിൽ അവരുടെ ഇതിഹാസ താരം സ്ലാട്ടൻ ഇബ്രാഹിമോവിച്ച് അന്താരാഷ്ട്ര ഫുട്ബാളിലേക്ക് മടങ്ങിയെത്തിയേക്കും എന്ന ചർച്ചകൾ പുരോഗമിക്കുന്നു. കഴിഞ്ഞ യൂറോ കപ്പോടെ സ്ലാട്ടൻ അന്താരാഷ്ട്ര ഫുട്ബാളിൽ നിന്ന് വിരമിച്ചിരുന്നു. എന്നാൽ, മികച്ചൊരു ഫിനിഷറുടെ അഭാവം സ്വീഡനുണ്ട്. പക്ഷേ സ്വീഡിഷ് കോച്ച് ആൻഡേഴ്സൺ ഇതിന് അനുകൂലമായി ഇതുവരെ പ്രതികരിച്ചിട്ടില്ല.



## ആൾ ദ ബെസ്റ്റ് കേരള

തിരുവനന്തപുരം : ആന്ധ്രയിലെ ഗുണ്ടൂരിൽ നടക്കുന്ന ജൂനിയർ അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്നതിനായി കേരള ടീം ഇന്നലെ ശബരി എക്സ്പ്രസിൽ യാത്ര തിരിച്ചു. ടീം ഇന്ന് ഗുണ്ടൂരിൽ എത്തും.

152 പേരുടെ വലിയ സംഘമാണ് ദേശീയ മീറ്റിൽ കേരളത്തിനായിറങ്ങുന്നത്. ഗുണ്ടൂരിലെ നാഗാർജ്ജുന യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നാളെ മുതൽ 20 വരെയാണ് മീറ്റ്. 22 തവണ കേരളം ജൂനിയർ അത്‌ലറ്റിക് കിരീടം നേടിയിട്ടുണ്ട്.

*ഗുണ്ടൂരിൽ നടക്കുന്ന ജൂനിയർ അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്ന കേരളാ ടീം യാത്രതിരിക്കുന്നതിന് മുമ്പ് ഫോട്ടോ: സോജൻ ഫിലിപ്പ്*




### ദ്രാവിഡ് ബംഗളൂരുവിന്റെ അംബാസഡർ

ബംഗളൂരു : ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാളിലെ പുത്തൻ അതിഥികളായ ബംഗളൂരു എഫ്.സിയുടെ ബ്രാൻഡ് അംബാസഡറായി ക്രിക്കറ്റ് ഇതിഹാസം രാഹുൽ ദ്രാവിഡിനെ നിയമിച്ചു. മഹത്തരം എന്നാണ് ബംഗളൂരു എഫ്.സിയുടെ അംബാസഡർ പദവിയെ ദ്രാവിഡ് വിശേഷിപ്പിച്ചത്.

### ഐ ലീഗ് 25 മുതൽ

ന്യൂഡൽഹി : ഇന്ത്യൻ ദേശീയ ഫുട്ബാൾ ലീഗായ ഐ ലീഗിന്റെ പുതിയ സീസണിന് ഈ മാസം 25ന് തുടക്കമാകും

## ഓർമ്മയുടെ കോർട്ടിൽ അച്യുതക്കുറുപ്പ്

◗ സനിൽ പി. തോമസ്

വടകരയും പേരാവൂരും വരാപ്പുഴയും കേരള വോളിബാളിന് രാജ്യത്തിനകത്തും പുറത്തും വലിയ പേര് സമ്മാനിച്ചപ്പോൾ ആ സ്ഥലനാമങ്ങൾക്കൊപ്പവും അതിനപ്പുറവും ചില താരങ്ങളും ജ്വലിച്ചുയർന്നു. ചിലർ കളിക്കാരായും മറ്റുചിലർ കളിക്കാരും പരിശീലകരുമായി തിളങ്ങി. വരാപ്പുഴയുടെ പപ്പൻ റഷ്യയിലും പേരാവൂരിന്റെ ജിമ്മി ജോർജ് ഇറ്റലിയിലും ഗൾഫിലുമൊക്കെ വോളികോർട്ടിൽ ഇടിമുഴക്കം സൃഷ്ടിച്ചു.

എന്നാൽ കളിക്കാരായും പരിശീലകരായും വടകരയോടൊപ്പം ചേർക്കപ്പെട്ട പേരുകളായിരുന്ന കെ. അബ്ദുൽ റഹ്മാനും ടി.പി. ഭാസ്കരക്കുറുപ്പും അച്യുതക്കുറുപ്പും. റഹ്മാൻ 99 ലും ഭാസ്കരക്കുറുപ്പ് 2011 ലും അന്തരിച്ചു. ഇപ്പോൾ വടകര അച്യുതക്കുറുപ്പും കണ്ണടച്ചു. മലബാർ വോളിബാളിലെ ഒരു കാലഘട്ടമാണ് അവസാനിക്കുന്നത്.



അവസാനംവരെ കർമ്മനിരതനായിരുന്ന അച്യുതക്കുറുപ്പ്. കളിക്കാരനായോ കോച്ചായോ ഒരിക്കലും ആദരിക്കപ്പെടാതെയാണ് വിടവാങ്ങിയത്. 1986 ലെ സോൾ ഏഷ്യൻ ഗെയിംസിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിന്റെ (സിറിൽ സി. വള്ളൂരിന്റെ നേതൃത്വത്തിൽ ജിമ്മി ജോർജും ഉദയകുമാറും കളിച്ച ടീം) പരിശീലകനായിരുന്ന അച്യുതക്കുറുപ്പ്. പക്ഷേ, ഒട്ടേറെ അർജ്ജുനൻമാരെ സൃഷ്ടിച്ചിട്ടും കലവൂർ എൻ. ഗോപിനാഥിനെപ്പോലെ ദ്രോണാചാര്യയ്ക്ക് പരിഗണിക്കപ്പെടാതെ പോയ അനുഭവമാണ് അച്യുതക്കുറുപ്പിനും ഉണ്ടായത്. ഏഷ്യാഡ് മെഡൽ നേടിയ ടീമിന്റെ പരിശീലകൻ അംഗീകരിക്കപ്പെടാതെപോയപ്പോൾ ഇത്തരം നേട്ടങ്ങളൊന്നുമില്ലായിരുന്നവർ ദേശീയ അംഗീകാരം നേടിയതിൽ അച്യുതക്കുറുപ്പ് നിരാശനായിരുന്നു.

1966 ലെ ഹൈദരാബാദ് നാഷണൽസിലാണ് അച്യുതക്കുറുപ്പും ശ്യാംസുന്ദർറാവും അറിയപ്പെടുന്ന കളിക്കാരായത് എന്നാൽ അന്നവർ ആദ്യം തഴയപ്പെട്ടിരുന്നു. മേജർ പ്രകാശ് ആയിരുന്ന സർവീസസ് കോച്ച്. അച്യുതക്കുറുപ്പിനെയും ശ്യാംസുന്ദർ റാവുവിനെയും ഒഴിവാക്കാൻ പ്രകാശ് ആലോചിച്ചു. അന്ന് സർവീസസിന്റെ പ്രമുഖ കളിക്കാരനായിരുന്ന കലവൂർ എൻ. ഗോപിനാഥ് ഒരു നിർദ്ദേശം വച്ചു. "കളിക്കാരെ രണ്ട് ടീമുകളായി തിരിച്ച് ഒരു മത്സരം നടത്തുക. എന്നിട്ട് ടീം തിരഞ്ഞെടുക്കാം." കോച്ചിന് നിർദ്ദേശം സ്വീകാര്യമായി. ട്രയൽ മത്സരത്തിൽ അച്യുതക്കുറുപ്പും ശ്യാംസുന്ദർ റാവുവും ഉജ്വലപ്രകടനം നടത്തി. തന്റെ വിലയിരുത്തൽ പിഴച്ചെന്ന് മനസിലായ കോച്ച് പ്രകാശ് പറഞ്ഞു. "ഈ നാഷണൽസിൽ ഗോപിനാഥ് പരിശീലകൻ. ഞാൻ മാനേജർ" സഹകളിക്കാരൻ പരിശീലകനായത് അച്യുതക്കുറുപ്പ് സ്പോർട്സ്മാൻ സ്പിരിറ്റോടെ സ്വീകരിച്ചു. തോൽവി അറിയാതെ ഫൈനലിൽ കടന്ന സർവീസസ് പഞ്ചാബിനെ തുടർച്ചയായ സെറ്റുകൾക്ക് പരാജയപ്പെടുത്തി ദേശീയ ചാമ്പ്യൻമാരായി. താമസിയാതെ അച്യുതക്കുറുപ്പ് ഇന്ത്യൻ ടീമിലെത്തി. 72 വരെ ഇന്ത്യയ്ക്ക് കളിച്ച കുറുപ്പ് 74 ൽ ടെഹ്റാൻ ഏഷ്യാഡിൽ ഇന്ത്യയുടെ അസി. കോച്ചായിരുന്നു. ഇടയ്ക്ക് മൂന്നുവർഷം മൗറീഷ്യസിൽ ജോലി നോക്കിയശേഷം മടങ്ങിവന്ന് പട്യാല എൻ.ഐ.എസിൽ (ഇപ്പോൾ സായ്) സീനിയർ കോച്ചായി. 84 ൽ ജർമനിയിൽ കോച്ചിംഗിൽ ഉപരിപഠനം നടത്തി. പിന്നെ ഇന്ത്യൻ വോളിബാൾ ടീമിന്റെ മുഖ്യപരിശീലകനായി. ബംഗ്ലൂരു സായ്‌യിൽ നിന്ന് മേലധികാരികളുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് സ്വയം വിരമിക്കുകയായിരുന്നു. ഭാര്യ കുസുമവും വോളി കോച്ചായിരുന്നു. മകൻ ആനന്ദ് കുറുപ്പ് ടെന്നിസിൽ തുടങ്ങി വോളിയിലേക്ക് മാറി ഇന്ത്യൻ താരമായി. മകൾ ആരാധന അത്‌ലിറ്റായിരുന്നു. സോൾ ഏഷ്യൻ ചാമ്പ്യൻഷിപ്പിലും ഇസ്ലാമബാദ് സാഫ് ഗെയിംസിലും ഒട്ടേറെ വിദേശ പര്യടനങ്ങളിലും അച്യുതക്കുറുപ്പിന്റെ ശിക്ഷണത്തിൽ ഇന്ത്യ മികവുകാട്ടി. ആക്രമണകാരിയായ കളിക്കാരനായിരുന്ന കുറുപ്പ് പരിശീലകനായപ്പോൾ ആക്രമണശൈലിക്കൊപ്പം എതിരാളിയുടെ ശൈലി അനുസരിച്ച് ഓൾറൗണ്ട് ഗെയിമും പരീക്ഷിച്ചു. 86 ന് ശേഷം ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വോളിബാളിൽ ഒരു മെഡൽ നേടാനായിട്ടില്ല. തിരിഞ്ഞു നോക്കുമ്പോഴെങ്കിലും അച്യുതക്കുറുപ്പിലെ പരിശീലകന്റെ മികവ് നാം കണ്ടറിയണം. മരണാനന്തര ബഹുമതിയായെങ്കിലും ആ മികവ് അംഗീകരിക്കപ്പെടണം.

*(മുതിർന്ന സ്പോർട്സ് ജേർണലിസ്റ്റാണ് ലേഖകൻ)*



### മ്യാൻമറിനെതിരെ ഇന്ത്യയ്ക്ക് സമനില

മഡ്ഗാവ്: 2019ൽ യു.എ.ഇയിൽ നടക്കുന്ന എ.എഫ്.സി. ഏഷ്യൻ കപ്പ് ഫുട്ബാൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യയും മ്യാൻമറും സമനിലയിൽ പിരിഞ്ഞു. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിൽ ഇരുടീമും രണ്ട് ഗോൾ വീതം നേടി. തോൽവി അറിയാതെ പതിമ്മൂന്നാം മത്സരമാണ് ഇന്ത്യ പൂർത്തിയാക്കിയത്.

നേരത്തേ തന്നെ യോഗ്യത ഉറപ്പിച്ച ഇന്ത്യയ്ക്ക് കിർഗിസ്ഥാനുമായി മാർച്ചിൽ എവേ മത്സരമുണ്ട്. നായകൻ സുനിൽ ഛെത്രിയും ജെജെ ലാൽ പെഖുലയുമാണ് ഇന്ത്യയ്ക്കായി സ്കോർ ചെയ്തത്. ഛെത്രിയുടെ ഗോൾ പെനാൽറ്റിയിൽ നിന്നാണ്. യൻ നയിംഗ് ഒയും ക്യായാവ് കോ കോയുമാണ് മ്യാൻമറിനായി ഗോൾ നേടിയത്. രണ്ട് തവണ ലീഡ് വഴങ്ങിയ ശേഷമാണ് ഇന്ത്യ സമനില പിടിച്ചത്.

### അണ്ടർ-19 ഏഷ്യാകപ്പ്: ഇന്ത്യ പുറത്ത്

ക്വലാലംപൂർ: അണ്ടർ-19 ഏഷ്യാകപ്പ് ക്രിക്കറ്റിൽ നിന്ന് ഇന്ത്യ പുറത്തായി. നേപ്പാളിനോട് തോറ്റതിന് പിന്നാലെ ബംഗ്ലാദേശിനോടും പരാജയപ്പെട്ടതോടെയാണ് ഇന്ത്യയുടെ വഴിയടഞ്ഞത്. ബംഗ്ലാദേശ് ഇന്ത്യയെ എട്ടു വിക്കറ്റിനാണ് പരാജയപ്പെടുത്തിയത്.

ഇന്ത്യ മുന്നോട്ടുവെച്ച 188 റൺസിന്റെ വിജയലക്ഷ്യം ബംഗ്ലാദേശ് നാല് ഓവറും എട്ടു വിക്കറ്റും ബാക്കിയിരിക്കെ മറികടന്നു. മഴ മൂലം 32 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ഇന്ത്യൻ ടീം എട്ടു വിക്കറ്റ് നഷ്ടത്തിൽ 187 റൺസാണ് നേടിയത്.